## പതിനാലാം കേരളനിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.909 25.01.2018 ന് മറുപടിയ്ക്ക്.

## വന്യജീവികളുടെ ആക്രമണം മൂലമുണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.ജോർജ്ജ് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വന്യജീവികളുടെ ആക്രമണത്തിൽ എത്ര ജീവനുകൾ സംസ്ഥാനത്ത് നഷ്ടപ്പെട്ടിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(എ)ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വന്യജീവികളുടെ ആക്രമണത്തിൽ നഷ്ടപ്പെട്ട മനുഷ്യജീവനുകളുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു

| ജില്ല | പാമ്പു കടിയേറ്റവർ | വന്യജീവി ആക്രമണം മൂലം മരണപ്പെട്ടവർ | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 9 | 5 | 14 |
| കൊല്ലം | 15 | 1 | 16 |
| പത്തനംതിട്ട | 22 | 1 | 23 |
| കോട്ടയം | 9 | 0 | 9 |
| ഇടുക്കി | 4 | 10 | 14 |
| എറണാകുളം | 1 | 3 | 4 |
| തൃശ്ശൂർ | 14 | 1 | 15 |
| പാലക്കാട് | 44 | 13 | 57 |
| മലപ്പുറം | 11 | 3 | 14 |
| വയനാട് | 1 | 9 | 10 |
| കോഴിക്കോട് | 2 | 0 | 2 |
| കണ്ണൂർ | 2 | 4 | 6 |
| കാസർഗോഡ് | 3 | 0 | 3 |
| ആകെ | 137 | 50 | 187 |

(ബി) ഇവർക്ക് സർക്കാർ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നൽകിയിട്ടുണ്ട്. ചട്ടങ്ങൾ പാലിച്ച് സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ മുൻഗണനാക്രമം അനുസരിച്ച് 250.41 ലക്ഷം രൂപ നാളിതുവരെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

അവശേഷിക്കുന്നവരുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസരണം നഷ്ടപരിഹാരം നൽകുന്നതാണ്.

| | |
|---|---|
| (സി) കാട്ടുപന്നി ഉൾപ്പെടെയുള്ള വന്യജീവികളുടെ/മൃഗങ്ങളുടെ എണ്ണം വർദ്ധിച്ചിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത്, കർഷകരുടെ കൃഷിഭൂമിയിൽ കടന്ന് കൃഷി നശിപ്പിക്കുന്ന കാട്ടുപന്നിയേയും മറ്റും കൊല്ലുവാൻ അനുവാദം നൽകുന്ന പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (സി)കർഷകരുടെ കൃഷിഭൂമിയിൽ കടന്ന് കൃഷി നശിപ്പിക്കുന്ന കാട്ടുപന്നിയേയും മറ്റും ഫലപ്രദമായി നേരിടാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) കാട്ടാനശല്യം രൂക്ഷമായ മേഖലകളിൽ സൗരോർജ്ജവേലി നിർമ്മിക്കുന്നതിനും ഭിത്തികെട്ടി മനുഷ്യർക്ക് സംരക്ഷണം ഒരുക്കുവാനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി)കാട്ടാനശല്യം രൂക്ഷമായ ഭൂരിഭാഗം വനമേഖലകളിലും പ്രതിരോധ മാർഗ്ഗങ്ങൾ നിലവിലുണ്ട്. ഇല്ലാത്ത സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സൗരോർജ്ജവേലി പോലുള്ള പ്രതിരോധ മാർഗ്ഗങ്ങൾ നിർമ്മിച്ച് വരുന്നു. |

Lakeesh

സെക്ഷൻ ഓഫീസർ